# ചീഫ് എഞ്ചിനീയറുടെ കാര്യാലയം
# ജലസേചനവും ഭരണവും
# തിരുവനന്തപുരം

---

**നം. CEIA/6246/2025-B6** **തീയതി:16-09-2026**

## <u>പരിപത്രം</u>

വിഷയം:- ജലസേചനം - ജീവനക്കാര്യം - ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാരുടെ റേഷ്യോ പ്രൊമോഷൻ - ശമ്പള നിർണ്ണയത്തിനുള്ള പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- ഈ കാര്യാലയത്തിലെ 11-03-2026 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് മേൽ സൂചന പ്രകാരം റേഷ്യോ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ച സ്കെയിൽ ഓഫ് പേ സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ ടി ഉത്തരവിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ശമ്പള നിർണയം നടത്തുന്നതിൽ ആശയക്കുഴപ്പം നേരിടുന്നതായി പല കാര്യാലയങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ടി ജീവനക്കാരുടെ ശമ്പള നിർണ്ണയവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചിട്ടുള്ളത് ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്ന അതേ ശമ്പള സ്കെയിലിലാണ്.
2. റേഷ്യോ പ്രൊമോഷന് പ്രാബല്യം നൽകിയിട്ടുള്ള തീയതി (**with effect date**) ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് ലഭിച്ചിട്ടുള്ള തീയതിയ്ക്ക് മുമ്പ് ആണെങ്കിൽ മാത്രമേ പ്രസ്തുത ജീവനക്കാർക്ക് ശമ്പള നിർണയത്തിന് അർഹതയുണ്ടായിരിക്കുള്ളൂ.
3. ഖണ്ഡിക 2 ലെ നിബന്ധന ബാധകമായിട്ടുള്ള ജീവനക്കാർക്ക് അതത് കാര്യാലയം മുഖേന ശമ്പള നിർണയം നടത്താവുന്നതാണ്.

Digitally signed by
Minimol Anil
Date: 16-09-2026
13:36:30

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ്**

എല്ലാ ചീഫ് എഞ്ചിനീയർ/സൂപ്രണ്ടിങ് എഞ്ചിനീയർ/
എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റൻറ് എക്സിക്യൂട്ടീവ്
എഞ്ചിനീയർമാർക്കും.

പകർപ്പ്:- ജൂനിയർ സൂപ്രണ്ട്, ഡി-സെക്ഷൻ.
ഐ.റ്റി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അധിക/കരുതൽ ഫയൽ.